## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6094 — 04-07-2019 -ൽ മറുപടിക്ക്

### പ്രളയവുമായി ബന്ധപ്പെട്ട് നാശനഷ്ടങ്ങൾ സംഭവിച്ചവർക്കുള്ള ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എ. പ്രദീപ് കുമാർ** | | **ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | കോഴിക്കോട് താലൂക്കിൽ പ്രളയവുമായി ബന്ധപ്പെട്ട് നാശനഷ്ടങ്ങൾ സംഭവിച്ച എത്രപേരിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ), ബി) & സി) | റീബിൽഡ് കേരള ആപ്പിൽ ഉൾപ്പെട്ടവർക്കും സംയുക്ത പരിശോധന നടത്തി കണ്ടെത്തിയവർക്കുമാണ് ഭവനനാശത്തിനുള്ള ധനസഹായം അനുവദിച്ചിട്ടുള്ളത്. റീ ബിൽഡ് കേരള ആപ്പിൽ ഉൾപ്പെടാത്ത പരാതികളിൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിലും നഷ്ടം ശതമാനത്തിലല്ല കണക്കാക്കിയത് എന്നതിനാൽ ഇത്തരം പരാതികളിൽ ധനസഹായം വിതരണം ചെയ്യാൻ ശേഷിക്കുന്നുണ്ട്. അപ്പീൽ അപേക്ഷകൾ പരിഗണിക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ അത്തരം അപേക്ഷകളും പരിഗണിക്കാൻ ശേഷിക്കുന്നുണ്ട്. ധനസഹായം നൽകിയവരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു (CD-യിൽ). |
| ബി) | ഇതിൽ എത്രപേർക്ക് ധനസഹായം നൽകിയെന്ന് പേരും മേൽവിലാസവും സഹിതം വിശദമാക്കുമോ; | | |
| സി) | ധനസഹായം നൽകാത്തവരുടെ പേരുവിവരവും ഇവർക്ക് ഇതുവരെ ധനസഹായം നൽകാത്തതിന്റെ കാരണവും വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ